പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 247 **12-10-2026-ൽ മറുപടിയ്ക്ക്**

ഭക്ഷ്യവിഷബാധ സംഭവങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത ഭക്ഷ്യവിഷബാധ സംഭവങ്ങൾ എത്ര; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ എത്ര കേസുകളിൽ ഭക്ഷ്യസാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധന നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

മറുപടി: കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് 132ഭക്ഷ്യവിഷബാധ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ 133 കേസുകളിൽ ഭക്ഷ്യസാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധന നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഭക്ഷ്യപരിശോധനാ ലാബുകളിൽ നിലവിൽ എത്ര സാമ്പിളുകൾ പരിശോധനയ്ക്കായി കെട്ടിക്കിടക്കുന്നുണ്ട്; പരിശോധനാ ഫലം ലഭിക്കാൻ ശരാശരി എത്ര ദിവസം എടുക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: തിരുവനന്തപുരം ഗവൺമെൻറ് അനലിസ്റ്റ് ലബോറട്ടറിയിൽ 620 സർവയിലൻസ് സാമ്പിളുകളും RAL എറണാകുളം ലബോറട്ടറിയിൽ 512 സാമ്പിളുകളും RAL കോഴിക്കോട് ലബോറട്ടറിയിൽ 995 സർവയിലൻസ് സാമ്പിളുകളും പരിശോധനയ്ക്കായി അവശേഷിക്കുന്നുണ്ട്. സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ 14 ദിവസത്തിനകവും സർവയിലൻസ് സാമ്പിളുകൾ ഒരു മാസത്തിനകവും പരിശോധനാ ഫലം പൂർത്തിയാക്കുന്നു.

(സി) മത്സ്യത്തിലെ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസവസ്തുക്കളുടെ സാന്നിധ്യം പരിശോധിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷം എത്ര പരിശോധനകൾ നടത്തി; പരിശോധനയിൽ കണ്ടെത്തിയ കേസുകളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: മത്സ്യത്തിലെ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസവസ്തുക്കളുടെ സാന്നിധ്യം പരിശോധിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷം 19482 പരിശോധനകൾ നടത്തി. പരിശോധനയ്ക്കായി ശേഖരിച്ച സാമ്പിളുകളിൽ 12587.2 Kg കേടായ മത്സ്യം നശിപ്പിച്ചു. പരിശോധനകളിൽ ഫോർമാലിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം.

അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത ഭക്ഷ്യവിഷബാധ സംഭവങ്ങൾ ജില്ല തിരിച്ചുള്ള കണക്ക്

ക്രമ നം.	ജില്ല	ഭക്ഷ്യവിഷബാധ സംഭവങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	35
2	കൊല്ലം	20
3	പത്തനംതിട്ട	3
4	ആലപ്പുഴ	0
5	കോട്ടയം	2
6	ഇടുക്കി	0
7	എറണാകുളം	15
8	തൃശ്ശൂർ	11
9	പാലക്കാട്	0
10	മലപ്പുറം	0
11	കോഴിക്കോട്	1
12	വയനാട്	11
13	കണ്ണൂർ	27
14	കാസർഗോഡ്	7